47th

# Kerala State Film Awards 2016

# Declaration

(Fiction)

**07th March, 2017**
**P.R. Chamber, Secretariat**

**KERALA STATE CHALACHITRA ACADEMY**
Sasthamangalam, Thiruvananthapuram - 695 010
Phone : 0471-2310323,
Fax : 2310322

# ജൂറി അംഗങ്ങൾ

## ചലച്ചിത്ര വിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ. എ.കെ. ബിർ | - | ചെയർമാൻ |
| 2. | ശ്രീ. പ്രിയനന്ദനൻ | - | മെമ്പർ |
| 3. | ശ്രീ. സുന്ദർദാസ് | - | മെമ്പർ |
| 4. | ശ്രീ. സുദേവൻ | - | മെമ്പർ |
| 5. | ശ്രീ. പി.എഫ്. മാത്യൂസ് | - | മെമ്പർ |
| 6. | ശ്രീമതി. ശാന്തികൃഷ്ണ | - | മെമ്പർ |
| 7. | ശ്രീ. വി.റ്റി. മുരളി | - | മെമ്പർ |
| 8. | ശ്രീ. അരുൺ നമ്പ്യാർ | - | മെമ്പർ |
| 9. | ഡോ.മീന.റ്റി.പിള്ള | - | മെമ്പർ |
| 10. | ശ്രീ. മഹേഷ് പഞ്ചു | - | മെമ്പർ സെക്രട്ടറി |

## രചനാവിഭാഗം

| | | | |
|---|---|---|---|
| 1. | ശ്രീ. കെ. ജയകുമാർ, ഐ.എ.എസ്. | - | ചെയർമാൻ |
| 2. | ശ്രീമതി. മ്യൂസ് മേരി ജോർജ്ജ് | - | മെമ്പർ |
| 3. | ശ്രീ. ഷിബു മുഹമ്മദ് | - | മെമ്പർ |
| 4. | ശ്രീ. മഹേഷ് പഞ്ചു | - | മെമ്പർ സെക്രട്ടറി |

# സംസ്ഥാന ചലച്ചിത്ര അവാർഡ് 2016

## രചന വിഭാഗം

### ജൂറി റിപ്പോർട്ട്

1. ഓൺലൈൻ ലേഖനങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.
2. പുസ്തകത്തിന്റെ അവാർഡ് തുക കാലോചിതമായി 50,000/- രൂപയാക്കി ഉയർത്തേണ്ടതാണ്.

### അവാർഡുകൾ

**1. മികച്ച ചലച്ചിത്ര ഗ്രന്ഥം - സിനിമ മുതൽ സിനിമ വരെ- ചലച്ചിത്ര സംസ്കാര പഠനങ്ങൾ**

**ഗ്രന്ഥകർത്താക്കൾ - അജു.കെ.നാരായണൻ, ചെറി ജേക്കബ്.കെ**

*(രചയിതാക്കൾക്ക് 15,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം)*

സിനിമയെ സാംസ്കാരിക വിമർശനത്തിന്റെ കാഴ്ചപ്പാടുകളിൽ നിന്നു കൊണ്ട് വിലയിരുത്താൻ ശ്രമിക്കുന്ന പുസ്തകമാണിത്. ചലച്ചിത്രത്തിന്റെ ദൃശ്യപാഠത്തിനകത്തുനിന്നുകൊണ്ട്മാത്രം വിശകലനങ്ങളിൽ മുഴുകുന്ന പതിവ് സിനിമാനിരൂപണങ്ങളിൽ നിന്നും വ്യത്യസ്തമായി സിനിമയിൽ നിന്നും പുറത്തേയ്ക്കും അവിടെ നിന്നും അകത്തേയ്ക്കും നിരന്തരം സഞ്ചരിക്കുന്ന രീതിയാണ് ലേഖകർ ഈ പുസ്തകത്തിൽ അവലംബിക്കുന്നത്. പാഠാന്തരവിമർശനത്തിന്റെ ഈ രീതി പുസ്തക വായനയെ സജീവമാക്കി നിലനിറുത്തുന്നു. ആചാരങ്ങൾ, പ്രകടന കലകൾ, വിശ്വാസങ്ങൾ, ഭക്ഷണരീതികൾ, ലഹരികൾ, വർണ്ണബോധങ്ങൾ, ലൈംഗികത എന്നിവയെ കേന്ദ്രീകരിച്ച് നിലനിൽക്കുന്ന വിവിധ ഫോക്‌ലോറുകളെ സിനിമ അതിന്റെ ലാവണ്യഘടനയിലേയ്ക്ക് സ്വാംശീകരിക്കുന്നതെങ്ങനെയെന്ന അന്വേഷണമാണ് ഈ പുസ്തകത്തിന്റെ ഫോക്കസ്സ്. സൂക്ഷ്മ വിശകലനമാർഗ്ഗമാണ് ലേഖകർ പിന്തുടരുന്നത്. സംസ്കാരത്തിനകത്ത് നടക്കുന്ന സംഘർഷങ്ങളുടെ പശ്ചാത്തലത്തിലേയ്ക്ക് സിനിമയെ തുറന്ന് വെച്ചുകൊണ്ട് ലേഖകർ നടത്തുന്ന വിശകലനങ്ങൾ മലയാളിയുടെ ചലച്ചിത്ര അഭിരുചിയെ നവീകരിക്കാനുകുംവിധം ശക്തമാണ്.

2. മികച്ച ചലച്ചിത്ര ലേഖനം - വെളുത്ത തിരശ്ശീലയിലെ കറുത്ത ഉടലുകൾ

ലേഖകൻ - എൻ.പി. സജീഷ്
(മാതൃഭൂമി ആഴ്ചപ്പതിപ്പ് - മെയ് 15, 2016)

*(രചയിതാവിന് 20,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ഇന്ത്യൻ ചലച്ചിത്രലോകത്ത് നിലനിൽക്കുന്ന അപ്രഖ്യാപിത അപ്പാർതീഡിനെ തുറന്ന് കാട്ടുന്ന ഈ ലേഖനം ഒരേ സമയം ശക്തമായ ഒരു ചലച്ചിത്ര വിചാരവും അതോടൊപ്പം സാമൂഹിക വിമർശനവുമാണ്. ഇന്ത്യൻ മുഖ്യധാര സിനിമയിലെ കീഴാളപ്രതിനിധാനങ്ങളെ വിശകലന വിധേയമാക്കിക്കൊണ്ട് ചലച്ചിത്രലോകത്തെ വർണ്ണവിവേചനത്തിലേയ്ക്ക് ലേഖകൻ വിരൽച്ചൂണ്ടുന്നു. കീഴാളർ പാർക്കുന്ന ഇടങ്ങൾ ഇന്ത്യൻ സിനിമയിൽ മിക്കപ്പോഴും ഉന്നത സംസ്കാരത്തിന് നിരക്കാത്ത അപരദേശങ്ങളായി പ്രതിനിധാനപ്പെടുത്തുന്നത് എന്തുകൊണ്ടാണ് എന്ന ചോദ്യം ലേഖനത്തിൽ ഉന്നയിക്കപ്പെടുന്നു. കറുത്തനിറമുള്ളവർ അപരിഷ്കൃതരാണെന്ന പൊതുബോധംതന്നെയാണ് സിനിമയും പങ്ക് വെക്കുന്നത്. കറുത്തതൊലിയുള്ള അഭിനേതാക്കളെപ്പോലും അകറ്റി നിറുത്തുകയോ അവഗണിക്കുകയോ ചെയ്യുന്നതിലേയ്ക്ക് ഇത് എത്തിനിൽക്കുന്നതായി ഉദാഹരണസഹിതം ചൂണ്ടിക്കാട്ടാൻ ലേഖകന് കഴിയുന്നു. ലേഖനത്തിന്റെ ഭാഷ ലളിതവും ശക്തവുമാണ്. ഉന്നയിക്കുന്ന വാദഗതികളെ വിഷയത്തിലുള്ള വിപുലമായ സ്കോളർഷിപ്പിന്റെ പിൻബലത്തോടെ അവതരിപ്പിക്കുന്നതിൽ ലേഖകൻ വിജയിച്ചിരിക്കുന്നു.

## പ്രത്യേക ജൂറിപരാമർശം

3. ചലച്ചിത്ര ഗ്രന്ഥം - ഹരിതസിനിമ

ഗ്രന്ഥകർത്താവ് - എ. ചന്ദ്രശേഖർ

*(രചയിതാവിന് ശില്പവും പ്രശസ്തിപത്രവും)*

മലയാള ചലച്ചിത്ര നിരൂപണത്തെ പരമ്പരാഗത ഇടങ്ങളിൽ നിന്ന് സമകാലിക പ്രസക്തിയുള്ള അന്വേഷണപാതയിലേയ്ക്ക് ആനയിക്കുന്ന നവീനകാഴ്ചപ്പാടുകളുള്ള പുസ്തകം എന്ന നിലയ്ക്കും ചലച്ചിത്ര ആസ്വാദന പ്രക്രിയക്ക് പാരിസ്ഥിതിക മാനങ്ങൾ നൽകുന്ന രചനയെന്ന നിലയ്ക്കും "ഹരിതസിനിമ"എന്ന പുസ്തകം അതീവ ശ്രദ്ധ അർഹിക്കുന്നു. ഹരിതനിരൂപണത്തിന്റെ സമീപന രീതികൾ അവലംബമാക്കി എഴുതിയ മലയാളത്തിലെ കാമ്പുള്ള ആദ്യത്തെ സിനിമാനിരൂപണഗ്രന്ഥമാണിതെന്ന് ജൂറി വിലയിരുത്തി. സാഹിത്യത്തിലെ പ്രബലമായ ഹരിതനിരൂപണ സമീപനങ്ങളെ ചലച്ചിത്രമേഖലയിലേയ്ക്ക് സന്നിവേശിപ്പിക്കുക എന്ന ചരിത്രപരമായ ദൗത്യവും ഈ പുസ്തകം ഏറ്റെടുത്തിരിക്കുന്നു. തെളിഞ്ഞഭാഷശൈലിയും വൈവിധ്യപൂർണ്ണമായ ഉള്ളടക്കവും സിനിമയെക്കുറിച്ചുള്ള തികഞ്ഞ അവബോധവും ഈ കൃതിയെ പ്രത്യേകജൂറിപരാമർശത്തിന് അർഹമാക്കി.

# സംസ്ഥാന ചലച്ചിത്ര അവാർഡ് 2016

## ചലച്ചിത്ര വിഭാഗം

## Jury Report

We are pleased to inform you that we have completed the exercise of evaluating the merit of cinematic excellence for the STATE AWARD. As Jury members, the task was quite challenging and compelling. It was indeed interesting and eventful and stressful, which are effected by incised viewing, analytical deliberation and critical evaluation of creative merit of cinematic art. In this process, we viewed 68 films within a course of 14 days. Based on this exercise, herewith we present the deserving awards of excellence in various categories.

Based on our observation, it is wonderful to realise that, there exists tremendous potential in pursuing cinematic effort. But there is a dearth of creative discipline to exercise over the faculty of imagination. It does require inspiring guidance to reveal the truth in cinematic excellence for the enrichment of this culture and the progress of mankind.

### അവാർഡുകൾ

**1. മികച്ച കഥാചിത്രം - മാൻഹോൾ**

**സംവിധായിക - വിധു വിൻസെന്റ്**

**നിർമ്മാതാവ് - എം.പി. വിൻസെന്റ്**

*(നിർമ്മാതാവിന് 2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും, സംവിധായകന് 2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

മനുഷ്യവിസർജ്യം നീക്കം ചെയ്യുന്ന തൊഴിലാളികളുടെ ജീവിതം മാത്രമല്ല മരണം പോലും അംഗീകരിക്കാത്ത സമൂഹത്തിൽ ആർദ്രതയോടെയും കരുണയോടെയും അവരുടെ ദുരിതങ്ങളെ ശക്തമായി ആവിഷ്കരിച്ചതിന്.

2. **മികച്ച രണ്ടാമത്തെ കഥാചിത്രം** - **ഒറ്റയാൾ പാത**

**സംവിധായകർ** - **സന്തോഷ് ബാബു സേനൻ, സതീഷ് ബാബു സേനൻ**

**നിർമ്മാതാവ്** - **സന്തോഷ് ബാബു സേനൻ**

*(നിർമ്മാതാവിന് 1,50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും, സംവിധായകർക്ക് 75,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം)*

പ്രതികൂല സാഹചര്യത്തിൽ ജീവിക്കുന്ന അച്ഛനും മകനുമിടയിലെ വിള്ളലുകൾ ആത്മ ത്യാഗത്തിലൂടെ ഇരുവരും പരിഹരിക്കുന്ന അപൂർവ്വമായ കാഴ്ചാനുഭവത്തിന്.

---

3. **മികച്ച സംവിധായിക** - **വിധു വിൻസെന്റ്**

**ചിത്രം** - **മാൻഹോൾ**

*(2,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ശക്തമായ ഒരു വിഷയം തീവ്രതയേറിയ ദൃശ്യഭാഷയിൽ മനുഷ്യമനസ്സിനെ ആകുല പ്പെടുത്തുംവിധം ആവിഷ്കരിച്ച സംവിധാന മികവിന്.

---

4. **മികച്ച നടൻ** - **വിനായകൻ. ടി.കെ**

**ചിത്രം** - **കമ്മട്ടിപ്പാടം**

*(1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

അരികുവൽക്കരിക്കപ്പെട്ട ജീവിതത്തിൽ നിന്ന് അക്രമകാരിയായി മാറുകയും അതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റുവാങ്ങി ഉന്മാദത്തിന്റെ വക്കോളമെത്തുകയും ചെയ്ത 'ഗംഗ' എന്ന കഥാപാത്രത്തെ വിശ്വസനീയമായി വ്യാഖ്യാനിച്ച് അവതരിപ്പിച്ചതിന്.

---

5. **മികച്ച നടി** - **രജീഷ വിജയൻ**

**ചിത്രം** - **അനുരാഗ കരിക്കിൻ വെള്ളം**

*(1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

പുതിയ കാലഘട്ടത്തിലെ സ്ത്രീ കഥാപാത്രത്തിന്റെ പ്രണയവും സങ്കീർണ്ണമായ ജീവി തവും വികാരനിർഭരമെങ്കിലും തനതായ രീതിയിൽ അവതരിപ്പിച്ചതിന്.

6. **മികച്ച സ്വഭാവ നടൻ** - **മണികണ്ഠൻ ആചാരി**

**ചിത്രം** - **കമ്മട്ടിപ്പാടം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

അക്രമവാസന നിറഞ്ഞ ശരീരഭാഷയും ആന്തരികമായ ദുർബലതകളും യഥാതഥമായി മികവുറ്റ രീതിയിൽ അവതരിപ്പിച്ചതിന്.

7. **മികച്ച സ്വഭാവ നടി** - **കാഞ്ചന. പി.കെ**

**ചിത്രം** - **ഓലപ്പീപ്പി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ദാരിദ്ര്യവും ഏകാന്തതയും നിറഞ്ഞ വാർദ്ധ്യക്യത്തിൽ ചെറുമകനോടുള്ള സ്നേഹ വാത്സല്യം കൊണ്ടു മാത്രം ജീവിതത്തെ മുന്നോട്ട് നടത്തിച്ച വൃദ്ധയെ തന്മയത്വത്തോടെ ആവിഷ്കരിച്ചു.

8. **മികച്ച ബാലതാരം (ആൺ)** - **ചേതൻ ജയലാൽ**

**ചിത്രം** - **ഗപ്പി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

തീർത്തും പ്രതികൂലമായ സാഹചര്യത്തിൽ രോഗിയായ അമ്മയെ ശുശ്രൂഷിച്ചുകൊണ്ട് ബാഹ്യജീവിതത്തിൽ ശക്തമായ ഇടപെടലുകൾ നടത്തിയ ബാലന്റെ അമർത്തിവെച്ച വേദനകൾ സൂക്ഷ്മമായി ആവിഷ്കരിച്ചതിന്.

9. **മികച്ച ബാലതാരം (പെൺ)** - **അബേനി ആദി**

**ചിത്രം** - **കൊച്ചൗവ്വ പൗലോ അയ്യപ്പ കൊയ്‌ലോ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

കേന്ദ്രകഥാപാത്രത്തിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിനായി സ്വന്തം ജീവിതം പോലും അവഗണിച്ച നിഷ്കളങ്ക ബാല്യത്തെ മികവുറ്റതാക്കി.

10. **മികച്ച കഥാകൃത്ത്** - **സലീംകുമാർ**

**ചിത്രം** - **കറുത്ത ജൂതൻ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ജൂത സമൂഹത്തിന്റെ അവശേഷിക്കുന്ന ഓർമ്മകളും ചരിത്രസ്മാരകവും കൈയേറിയ സമകാലിക കേരള സമൂഹത്തിനു മുന്നിൽ ഒറ്റപ്പെട്ടുപോയ കറുത്ത ജൂതന്റെ വ്യത്യസ്തമായ കഥാവിഷ്കാരത്തിന്.

11. **മികച്ച ക്യാമറമാൻ** - **എം. ജെ. രാധാകൃഷ്ണൻ**

**ചിത്രം** - **കാടു പൂക്കുന്ന നേരം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

വിദഗ്ധമായ ദൃശ്യാവിഷ്കാരത്തിലൂടെ കഥാസന്ദർഭങ്ങൾക്ക് കരുത്തേകിയ കാഴ്ചാനുഭവം.

12. **മികച്ച തിരക്കഥാകൃത്ത്** - **ശ്യാം പുഷ്ക്കരൻ**

**ചിത്രം** - **മഹേഷിന്റെ പ്രതികാരം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

മലയോര മണ്ണിൽ നിന്ന് രൂപപ്പെടുത്തിയ കഥാപാത്രങ്ങളെ അവരുടെ മാനുഷികതയും തനിമയും ചോർന്ന് പോകാതെ കെട്ടുറപ്പോടെ പുതിയൊരു കാഴ്ചപ്പാടിൽ ആവിഷ്കരിച്ചതിന്.

13. **മികച്ച തിരക്കഥ (അഡാപ്റ്റേഷൻ)** - **മികവു പുലർത്തിയ രചനകൾ ഉണ്ടായിരുന്നില്ല.**

14. **മികച്ച ഗാനരചയിതാവ്** - **ഒ.എൻ.വി. കുറുപ്പ്**

**ചിത്രം** - **കാംബോജി**

**ഗാനം** - **"നടവാതിൽ തുറന്നില്ല...."**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

തീർത്തും കാവ്യാത്മകമായ ഈരടികളിലൂടെ ദൃശ്യാനുഭവം പകർന്ന് തന്നതിന്.

15. **മികച്ച സംഗീത സംവിധായകൻ (ഗാനം)- എം. ജയചന്ദ്രൻ**

**ചിത്രം - കാംബോജി (എല്ലാ ഗാനങ്ങളും)**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ശാസ്ത്രീയ ലളിത സംഗീതധാരകളെ സമന്വയിപ്പിച്ച് കഥാപാത്രങ്ങളുടെ മാനസികാവസ്ഥ ആവിഷ്കരിച്ചതിനും നവ്യമായ സംഗീതാനുഭവം ഒരുക്കിയതിനും.

16. **മികച്ച സംഗീത സംവിധായകൻ (പാശ്ചാത്തല സംഗീതം) - വിഷ്ണു വിജയ്**

**ചിത്രം - ഗപ്പി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

പാരമ്പര്യ നവീന സംഗീത ശൈലികൾ ഇടകലർത്തി കഥാപാത്രങ്ങളുടെ വികാരപ്രകടനങ്ങൾക്ക് ശക്തി പകർന്നതിന്.

17. **മികച്ച പിന്നണി ഗായകൻ - സൂരജ് സന്തോഷ്**

ഗാനം - **"തനിയെ മിഴികൾ"**

**ചിത്രം - ഗപ്പി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

പരമ്പരാഗതമായ ശൈലിയിൽ നിന്ന് മാറി കഥാസന്ദർഭത്തെ അനുഭവേദ്യമാക്കിയ ആലാപന ശൈലി.

18. **മികച്ച പിന്നണി ഗായിക - കെ.എസ്. ചിത്ര**

ഗാനം - **"നടവാതിൽ തുറന്നില്ല"**

**ചിത്രം - കാംബോജി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

പാട്ടിന്റെ സംസ്കാരവും സിനിമയുടെ കഥാസന്ദർഭവും സ്വാംശീകരിച്ച ഭാവസാന്ദ്രമായ ആലാപനം.

| | | |
|---|---|---|
| **19. മികച്ച ചിത്ര സംയോജകൻ** | - | **ബി. അജിത്കുമാർ** |
| **ചിത്രം** | - | **കമ്മട്ടിപ്പാടം** |

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

രേഖീയമല്ലാത്ത കഥാവിവരണത്തിനുതകുന്ന മട്ടിൽ ദൃശ്യങ്ങളുടെ താളാത്മകമായ സംയോജനത്തിലൂടെ സൃഷ്ടിച്ച നവ്യാനുഭവത്തിന്.

| | | |
|---|---|---|
| **20. മികച്ച കലാസംവിധായകൻ** | - | **ഗോകുൽദാസ്.എ.വി, എസ്. നാഗരാജ്** |
| **ചിത്രം** | - | **കമ്മട്ടിപ്പാടം** |

*(25,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം)*

സ്ഥലകാലങ്ങളെ തന്മയത്വത്തോടെ അടയാളപ്പെടുത്താനായി പശ്ചാത്തലത്തെ ഒരുക്കിയതിന്.

| | | |
|---|---|---|
| **21. മികച്ച സിങ്ക് സൗണ്ട്** | - | **ജയദേവൻ ചക്കാടത്ത്** |
| **ചിത്രം** | - | **കാടു പൂക്കുന്ന നേരം** |

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

തൽസമയ ശബ്ദലേഖനത്തിലൂടെ കഥാപാത്രങ്ങളുടെ സംഭാഷണം അതിസൂക്ഷ്മമായി ആവിഷ്കരിച്ചിതിന്.

| | | |
|---|---|---|
| **22. മികച്ച ശബ്ദമിശ്രണം** | - | **പ്രമോദ് തോമസ്** |
| **ചിത്രം** | - | **കാടു പൂക്കുന്ന നേരം** |

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

സംഭാഷണം, പശ്ചാത്തല ശബ്ദം, സംഗീതം എന്നിവയുടെ വിദഗ്ധമായ മിശ്രണവും ശബ്ദത്തിന്റെ ഉയർച്ച താഴ്ചകളിലൂടെ ചലച്ചിത്രത്തിന് വേണ്ടുന്ന നാടകീയതയും ഭാവവും പകർന്ന് നൽകിയതിന്.

**23. മികച്ച ശബ്ദ ഡിസൈൻ - ജയദേവൻ ചക്കാടത്ത്**

**ചിത്രം - കാടു പൂക്കുന്ന നേരം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

കാടിന്റെ പല ഭാവങ്ങളും ഉപയോഗിച്ച് സിനിമയ്ക്ക് ഒരു "സൗണ്ട് സ്കേപ്പ്" സൃഷ്ടിക്കുകയും കഥാപാത്രങ്ങളുടെ വൈകാരികാവസ്ഥയ്ക്ക് കരുത്ത് പകരുകയും ചെയ്തു.

---

**24. മികച്ച കളറിസ്റ്റ് - ഹെൻറോയ് മെസിയ**

**ചിത്രം - കാടു പൂക്കുന്ന നേരം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ചിത്രത്തിന്റെ തീവ്രമായ മുഹൂർത്തങ്ങൾക്ക് ശക്തി പകരുന്ന നിറക്കൂട്ടിന്റെ മികവിന്.

---

**25. മികച്ച മേക്കപ്പ്മാൻ - എൻ.ജി. റോഷൻ**

**ചിത്രം - നവൽ എന്ന ജൂവൽ**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

സ്ത്രീ കഥാപാത്രത്തെ വിശ്വസനീയമായ രീതിയിൽ പുരുഷകഥാപാത്രമാക്കിയ ചമയ മികവിന്.

---

**26. മികച്ച വസ്ത്രാലങ്കാരം - സ്റ്റെഫി സേവ്യർ**

**ചിത്രം - ഗപ്പി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

തീരദേശ സമൂഹത്തിന്റെ ജീവിതാവിഷ്കാരത്തിന് ഉതകും മട്ടിൽ വിശ്വസനീയമായി കഥാപാത്രങ്ങളുടെ വേഷവിധാനം നിർവ്വഹിച്ചതിന്.

27. **മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (ആൺ) - വിജയ് മോഹൻ മേനോൻ**

**ചിത്രം - ഒപ്പം**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

വാസു എന്ന കഥാപാത്രത്തിന്റെ ശക്തി ചോരാതെ ശബ്ദം നൽകിയതിന്.

28. **മികച്ച ഡബ്ബിങ് ആർട്ടിസ്റ്റ് (പെൺ) - എം. തങ്കമണി**

**ചിത്രം - ഓലപ്പീപ്പി**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

വൃദ്ധയും നിരാലംബയുമായ മുത്തശ്ശിയുടെ വേദനകളും ആകുലതകളും വാത്സല്യവും തന്മയത്വത്തോടെ പകർന്ന ശബ്ദ മികവിന്.

29. **മികച്ച നൃത്തസംവിധായകൻ - വിനീത്**

**ചിത്രം - കാംബോജി (ചെന്താർ നേർ മുഖീ.....)**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

വ്യത്യസ്ത നൃത്തഭാവങ്ങളെ സമന്വയിപ്പിച്ച് കഥാപാത്രങ്ങളുടെ മാനസിക വ്യാപാരങ്ങളെ ഉൾക്കൊണ്ട് രൂപം നൽകിയ നൃത്തസംവിധാനത്തിന്.

30. **ജനപ്രീതിയും കലാമേന്മയുമുള്ള മികച്ച ചിത്രത്തിനുള്ള പ്രത്യേക അവാർഡ് - മഹേഷിന്റെ പ്രതികാരം**

**നിർമ്മാതാവ് - ആഷിക് അബു**

**സംവിധായകൻ - ദിലീഷ് പോത്തൻ**

*(നിർമ്മാതാവിനും സംവിധായകനും 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും വീതം)*

നാട്ടു തനിമയുടെ നന്മയും തിന്മയും, ലളിതവും സുന്ദരവുമായി ആവിഷ്കരിച്ചതിന്.

**31. മികച്ച നവാഗത സംവിധായകൻ - ഷാനവാസ്. കെ. ബാവക്കുട്ടി**

**ചിത്രം - കിസ്മത്ത്**

*(1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

ഒരു പോലീസ് സ്റ്റേഷൻ കേന്ദ്രമാക്കി ജാതീയ സാമൂഹ്യ പ്രശ്നങ്ങളും പ്രണയവും കഥയുടെ കേന്ദ്രബിന്ദുവിൽ നിന്ന് വ്യതിചലിക്കാതെ ജീവിത ഗന്ധിയായി ആവിഷ്കരിച്ച സംവിധാന മികവിന്.

**32. മികച്ച കുട്ടികളുടെ ചിത്രം - കോലുമിട്ടായി**

നിർമ്മാതാവ് - അഭിജിത്ത്. യു.എ

സംവിധായകൻ - അരുൺ വിശ്വം

*(നിർമ്മാതാവിന് 3,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും. സംവിധായകന് 1,00,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

അംഗീകാരത്തിനായി തനിക്ക് അറിവില്ലാത്ത ചിത്രകല അഭ്യസിക്കുകയും കാരുണ്യവും സ്നേഹവും പകർന്ന വിജയം കൈവരിക്കുകയും ചെയ്ത ബാലന്റെ ജീവിതം ലളിതമായി ആവിഷ്കരിച്ചതിന്.

**33. പ്രത്യേക ജൂറി അവാർഡ് (അഭിനയം) - കെ. കലാധരൻ**

**സിനിമ - ഒറ്റയാൾ പാത**

*(50,000/- രൂപയും ശില്പവും പ്രശസ്തിപത്രവും)*

മകന്റെ ജീവിതത്തിനും ഭാവിക്കും തടസ്സമാകുമെന്ന് തിരിച്ചറിഞ്ഞ് ആത്മ സമർപ്പണം ചെയ്ത പിതാവിന്റെ മാനസികാവസ്ഥയെ തന്മയത്വത്തോടെ അവതരിപ്പിച്ചതിന്.

## പ്രത്യേക ജൂറി പരാമർശങ്ങൾ

**34. കഥ** - **ഇ. സന്തോഷ്കുമാർ**

**സിനിമ** - **ആറടി**

*(ശില്പവും പ്രശസ്തിപത്രവും)*

സ്വതന്ത്ര്യസമരസേനാനിയും ദളിത് നേതാവുമായ സംസ്കൃത പണ്ഡിതനെ ഉചിതമായി സംസ്കരിക്കാൻ പോലും ഇടമില്ലാത്ത അവസ്ഥ കഥയിലൂടെ അവതരിപ്പിച്ചതിന്.

---

**35. അഭിനയം** - **സുരഭി ലക്ഷ്മി**

**സിനിമ** - **മിന്നാമിനുങ്ങ്**

*(ശില്പവും പ്രശസ്തിപത്രവും)*

മകളുടെ സ്വപ്ന സാക്ഷാത്കാരത്തിനായി കിടപ്പാടവും സ്വന്തം ജീവിതം പോലും ഹോമിച്ച അമ്മയുടെ വികാരങ്ങളെ ശക്തമായി ആവിഷ്കരിച്ചതിന്.

---

**36. ഛായാഗ്രഹണം** - **ഗിരീഷ് ഗംഗാധരൻ**

**സിനിമ** - **ഗപ്പി**

*(ശില്പവും പ്രശസ്തിപത്രവും)*

നിഴലിന്റേയും വെളിച്ചത്തിന്റേയും വിന്യാസത്തിലൂടെ അകം പുറം ദൃശ്യങ്ങൾക്ക് ആഴവും തനിമയും പകർന്നതിന്.

## ജൂറി നിർദ്ദേശങ്ങൾ

1. പരീക്ഷണ സ്വാഭാവമുള്ള ചിത്രങ്ങളാണ് ചലച്ചിത്രമാധ്യമത്തെ മുന്നോട്ട് നയിക്കുന്നത്. ആയതിനാൽ അത്തരം ശ്രമങ്ങളുള്ളതും കലാപരമായി മികച്ചതുമായ ചിത്രങ്ങൾക്കായി ഒരു പ്രത്യേക അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

2. സ്പെഷ്യൽ വിഷ്വൽ ഇഫക്ടിന്റെ സാദ്ധ്യതകൾ ഫലപ്രദമായും കലാപരമായും ഉപയോഗിക്കുന്ന ചലച്ചിത്രങ്ങൾക്ക് ഒരു അവാർഡ് ഏർപ്പെടുത്തേണ്ടതാണ്.

3. മികച്ച നടനും നടിക്കുമുള്ള അവാർഡുകൾ പരിഗണിക്കുമ്പോൾ സ്വന്തം ശബ്ദം നൽകിയവർക്ക് മുൻഗണന നൽകേണ്ടതാണ്. ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ മാത്രം ഡബ്ബിംഗ് ആർട്ടിസ്റ്റുകൾ ശബ്ദം നൽകിയ കഥാപാത്രങ്ങളെ പരിഗണിക്കേണ്ടതുള്ളു.

4. മികച്ച സിനിമയ്ക്കുള്ള അവാർഡ് നേടിയ ചിത്രങ്ങൾ സർക്കാർ സഹായത്തോടെ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

5. ഒന്നും രണ്ടും അവാർഡുകൾ നേടുന്ന ചിത്രങ്ങൾക്ക് കുറഞ്ഞത് പത്തുലക്ഷം രൂപയെങ്കിലും സബ്സിഡി നൽകേണ്ടതാണ്.

## 2016-ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡിന് മത്സരത്തിനെത്തിയ കഥാചിത്രങ്ങൾ

1. 2 ഡേയ്സ്
2. കാട്പൂക്കുന്ന നേരം
3. കന്യാവനങ്ങൾ 3D
4. അയാൾശശി
5. ഒരുമുത്തശ്ശി ഗദ
6. ആറടി
7. വർണവസന്തങ്ങൾ
8. കാംബോജി
9. കമ്മട്ടിപ്പാടം
10. മിന്നാമിനുങ്ങ്
11. മറുപടി
12. ഗപ്പി
13. കുഞ്ഞുദൈവം
14. കവിയുടെഒസ്യത്ത്
15. പിന്നെയും
16. മാൻഹോൾ
17. അനുരാഗകരിക്കിൻ വെള്ളം
18. നവൽഎന്ന ജ്യൂവൽ
19. ഒപ്പം
20. സ്കൂൾബസ്
21. കപ്പിവള
22. പാ..വ..
23. ഋപ്പ്
24. ഗോഡ്സേ
25. അതിജീവനം
26. യാത്രചോദിക്കാതെ
27. ജെമിനി
28. ഓലപ്പീപ്പി
29. ചുരുട്ടിന്റെഗന്ധം
30. കാപ്പിരിതുരുത്ത്
31. കിസ്മത്ത്
32. സമർപ്പണം
33. മുന്തിരിവള്ളികൾ തളിർക്കുമ്പോൾ
34. ധനയാത്ര
35. ശിഖാമണി
36. വേട്ട
37. വൈറ്റ്
38. ആടുപുലിയാട്ടം
39. ജേക്കബിന്റെസ്വർഗ്ഗരാജ്യം
40. ആനന്ദം
41. ഒറ്റയാൾപാത
42. സൂം
43. ഇടി
44. പുലിമുരുകൻ
45. മഹേഷിന്റെപ്രതികാരം
46. പതിനൊന്നാംസ്ഥലം
47. മഡ്മസ
48. പാതി
49. ഒറ്റക്കോലം
50. ക്യാപസ്ഡയറി
51. ആക്ഷൻഹീറോ ബിജു
52. ജോമോന്റെസുവിശേഷങ്ങൾ
53. പ്രേതം
54. കഥകളി
55. കറുത്തജൂതൻ
56. കേരളപാരഡിസോ
57. ലീല
58. ശ്യാം
59. ഹല്ലേലൂയ
60. ദേവയാനം

### കുട്ടികളുടെ ചിത്രം

1. കോലുമിട്ടായി
2. എന്റെകല്ലുപെൻസിൽ
3. ഗോൾഡ്കോയിൻസ്
4. വളപ്പൊട്ടുകൾ
5. പള്ളിക്കൂടം
6. ഡസ്റ്ററുകൾമായ്ക്കാത്തത്
7. കൊച്ചൗവ്വപൗലോ അയ്യപ്പ കൊയ്‌ലോ
8. മിക്കി

## പുസ്തകങ്ങൾ

1. **ഹരിത സിനിമ**
   എ. ചന്ദ്രശേഖർ

2. **സിനിമ: അതിമാധ്യമത്തിന്റെ ദൃശ്യലാവണ്യം**
   എ. ചന്ദ്രശേഖർ

3. **പി. ഭാസ്കരൻ മലയാളത്തിന്റെ നിലക്കുയിൽ**
   സുകുപാൽകുളങ്ങര

4. **ഡോ. ജെ.സി. ഡാനിയേൽ - മലയാള സിനിമയുടെ പിതാവ്**
   ജയന്തി.ജെ.

5. **സംസ്കാര ദേശിയതയുടെ ചലച്ചിത്ര പാഠങ്ങൾ**
   പി.എസ്. രാധാകൃഷ്ണൻ

6. **തിലകൻ : ജീവചരിത്രം**
   വിനിൽ മലയിൽക്കട

7. **ചലച്ചിത്രത്താഴ്**
   അപർണപി.

8. **സിനിമ മുതൽ സിനിമ വരെ**
   അജ്ജുകെ. നാരായണൻ,
   ചെറി ജേക്കബ്

9. **ആന്ദ്രേ തർകോവ്സ്കി - ജീവിതവും ചലച്ചിത്രങ്ങളും**
   എസ്.ജയചന്ദ്രൻ നായർ

10. **ഓർമ്മയിലെ വെള്ളിവെളിച്ചം**
    ഗിരീഷ്ചന്ദ്രൻ

11. **അരവിന്ദൻ - കലയും ദർശനവും**
    രാകേഷ്നാഥ്

12. **സുവർണചകോരത്തിന്റെ കഥ**
    ശാന്തൻ

13. **മലയാള സിനിമ- അനുവർത്തനത്തിന്റെ സംസ്കാരപഠനം**
    ഡോ.രാജേഷ്. എം. ആർ.

14. **കാഴ്ചയുടെ ഹെയർപിൻ വളവുകൾ**
    ഡോ.ഉമർ തറമേൽ

15. **പി.എ. ബക്കർ - കലയും മാർക്സിസവും**
    രാകേഷ്നാഥ്

16. **എസ്. ജാനകി. ആലാപനത്തിലെ തേനും വയമ്പും (2 വോള്യം)**
    അഭിലാഷ്പുതുക്കാട്

# ലേഖനങ്ങൾ

1. **മണ്ണിൽ ഉറച്ചുനിന്ന വന്മരം**
   ഡോ.ബിജു
2. **എന്തിനാണ് ഈ ചലച്ചിത്ര പുരസ്കാരം**
   **ഡോ.ബിജു**
3. **ഈ സെൻസർ ബോർഡിന് ഇതെന്തു പറ്റി?**
   ശ്യംജി
4. **സ്വപ്നങ്ങളിലേക്ക് പിന്നെയും**
   ശ്യംജി
5. **കലാഭവൻ മണി ഒരു നേർക്കാഴ്ച്**
   ശ്യംജി
6. **ചലച്ചിത്ര സാഹിത്യം**
   ശ്യംജി
7. **കലയിൽ നിന്ന് മാറുന്ന സിനിമ**
   ശ്യംജി
8. **സിനിമയുടെ നാൾവഴിയിൽ**
   ശ്യംജി
9. **അന്തിക്കാട്ടെ ആദ്യ സംവിധായകൻ**
   അനൂപ്മോഹൻ
10. **തിരക്കഥയില്ലാത്ത ജീവിതം**
    അനൂപ്മോഹൻ
11. **കേട്ടുകഴിയാത്ത പാട്ടുകൾ; പാടാതെ തീർന്ന ജീവിതങ്ങൾ**
    രവിമേനോൻ
12. **ആത്മഹത്യയുടെ ദൃശ്യപാഠങ്ങൾ**
    ഡോ.രാജേഷ്. എം. ആർ.
13. **ആദ്യകാല മലയാള സിനിമ- ദളിത് പ്രതിനിധാനത്തിന്റെ രാഷ്ട്രീയം**
    ഡോ. രാജേഷ്. എം. ആർ.
14. **സാംസ്കാരിക ദേശീയവാദകാലത്തെ സിനിമ**
    രതീഷ്ശങ്കരൻ
15. **കാലം, കാഴ്ച, കാണി**
    ഷിബുജ.വി.
16. **സൗഹാർദ്ദത്തിന്റെ തിരശ്ശീല രൂപങ്ങൾ**
    ഡൊ.ടി. ശശിധരൻ
17. **ബുദ്ധനെ കണ്ട മലയാള സിനിമ**
    രതീഷ്ശങ്കരൻ
18. **വെള്ളിത്തിരയിൽലെ ശ്യാമഹാസൻ**
    ഡോ.സിബു മോടയിൽ
19. **അടർത്തി മാറ്റിയ ചുണ്ടുകൾ: മുറിവേറ്റ സിനിമകൾ**
    എൻ.പി.സജീഷ്
20. **താരാപഥങ്ങളുടെ പിളർപ്പും താരമാവുന്ന മതവും**
    എൻ.പി.സജീഷ്
21. **വെളുത്ത തിരശ്ശീലയിലെ കറുത്ത ഉടലുകൾ**
    എൻ.പി.സജീഷ്
22. **ഒഴിവുദിവസത്തെ കളി**
    മഹമൂദ്മൂടാടി
23. **അഭിനയം മാനദണ്ഡമാകാത്തിടത്ത് തിരസ്കൃതനായിപ്പോയ തിലകൻ**
    ജോബിവർഗീസ്
24. **വെള്ളിത്തിരയിൽ മരുപച്ചയുടെ അടയാളങ്ങൾ**
    എൻ.പി.സജീഷ്
25. **പിന്നെയും: അടൂരിന്റെ ചലചിത്ര മറുപടി**
    അലക്സ്വള്ളികുന്നം
26. **കുട്ടിയാവും എട്ടങ്ങാടിയും അനുകനും**
    ഡോ.സജിത്ത് ഏവൂരേത്ത്
27. **ജന്മദിനങ്ങൾ നഷ്ടമായ തുവാനത്തുമ്പികൾ**
    ഡോ.സജിത്ത് ഏവൂരേത്ത്
28. **കാഴ്ചയ്ക്കുള്ളിലെ ഒളിഞ്ഞിരിപ്പുകൾ**
    രാജേഷ്.കെ. എരുമേലി
29. **കാദംബരി ദേവി: ജീവിതം, മരണം, ശേഷം**
    ഡോ.വി. മോഹനകൃഷ്ണൻ
30. **മാറാടിയവർ**
    രാകേഷ്നാഥ്
31. **ഇരകളുടെ പ്രത്യയശാസ്ത്രം**
    രാകേഷ്നാഥ്
32. **കുമ്മാട്ടിയുടെ ജന്മാന്തരങ്ങൾ**
    രാകേഷ്നാഥ്
33. **ദൈവവും എസ്തപ്പാനും**
    രാകേഷ്നാഥ്
34. **പത്മരാജൻ സൃഷ്ടികളിലെ മരണാഭിമുഖ്യങ്ങൾ**
    രാകേഷ്നാഥ്